| NAME | | ROLL NO. | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## ANNUAL EXAM- 2022-23
## MALAYALAM

CLASS :VII
DATE:07.03.2023

CODE:MYMA05
TIME ALLOTTED: 2 ½ hrs
MAX .MARKS : 80

**GENERAL INSTRUCTIONS**
**All the questions are compulsory.**
**All the answers should be written in the answer sheet provided only.**

**Q.No** **Marks**

**I. അർഥം തെരഞ്ഞെടുത്തെഴുതുക.** **4 x1=4**

**1.** ശേഷി – (ആജ്ഞ, മടി, കഴിവ്, അഹന്ത)

**2.** നടുക്കം – (പെരുക്കൽ, ഞെട്ടൽ, തെള്ളൽ, സ്മരിക്കൽ)

**3.** ഉദധി – (തടാകം, പുഴ, അരുവി, സമുദ്രം)

**4.** കൗശലം – (സൂത്രം, ബോധം, നിർബന്ധം, ദയ)

**II. വിപരീതം തെരഞ്ഞെടുത്തെഴുതുക.** **4 x1=4**

**1.** സൗകര്യം X (അസൗഖ്യം, സൗകുമാര്യം, അസൗകര്യം, സൗജന്യം)

**2.** വളരുക X (തളർത്തുക, തളരുക, തളയ്ക്കുക, തളയുക)

**3.** വിജയം X (പരാജയം, വിജനം, പരാക്രമം, വിജല്പം)

4.സന്തോഷം X (ആനന്ദം, മോദം, സന്താപം, ഹർഷം)

**III. എതിർലിംഗം തെരഞ്ഞെടുത്തെഴുതുക.** **4 x1=4**

**1.**വീരൻ – (വീരണി, വീര, വീരത, വീരപത്നി)

**2.**തടിയൻ – (തടിന്നടി, തടിനി, തടിച്ച, തടിച്ചി )

**3.**കുമാരൻ – (കുമിരി, കുമാരസൂ, കുമാരി, കുമാരം )

4.ഗവേഷകൻ – (ഗവേഷണ, ഗവേഷു, ഗവേഷക, ഗവേധു)

**IV.പര്യായം എഴുതുക.** **4 x1= 4**

1.ദിനം

**2.**വർഷം

**3.**രാത്രി

**4.**ഭവനം

**V. ഒറ്റപ്പദം എഴുതുക.** **3 x1= 3**

**1.** സാധ്യമല്ലാത്തത്

**2.** യാത്രക്കാരുടെ സംഘം

**3.** യന്ത്രത്താൽ പ്രവർത്തിക്കുന്ന തോക്ക്

**VI. അർഥവ്യത്യാസം എഴുതുക.** **3 x1= 3**

**1.**മെച്ചം

മിച്ചം

**2.**ദശ

ദശം

**3.**പദം

പതം

**VII. നാനാർഥം എഴുതുക.** **4 x1= 4**

**1.**കൂട്ടം

**2.**മുറി

**3.**കരം

**4.**അന്നം

**VIII.അടിയിൽ വരയിട്ട വാക്കുകളുടെ പകരം പദം തെരഞ്ഞെടുത്തെഴുതുക.** **2 x1= 2**

**1.**കരയിലെ ഏറ്റവും <u>വമ്പൻ</u> ആയ മൃഗമാണ് ആന.

(ചെറിയവൻ, കുറുമ്പൻ, വിരുതൻ, വലിയവൻ)

**2.** രാമുവിന് പനി <u>നിമിത്തം</u> സ്കൂളിൽ പോകാൻ കഴിഞ്ഞില്ല.

( പ്രേരണ, കാരണം, പ്രതിവിധി, അനുമതി)

**IX.വിഗ്രഹിച്ചെഴുതുക.** **3 x1= 3**

**1.** സ്വാതന്ത്ര്യദിനം

**2.** അതിമോദം

**3.**അനുചരൻ

**X.പിരിച്ചെഴുതുക.** **4 x1= 4**

**1.**കേട്ടിട്ടില്ലേ

**2.** നീയിഹ

**3.**എത്രയുണ്ട്

4.ഒപ്പമെത്താൻ

**XI.ശരിയായപദം തെരഞ്ഞെടുത്തെഴുതുക.** **3 x1= 3**

1. സന്ദർഷനം, സന്ദർശന്നം, സന്ദർശനം, സന്ദർശ്ശനം

2. ആയുധധാരികൾ, ആയ്യുധധാരികൾ, ആയുദധാരികൾ, ആയുതധാരികൾ

3. പ്രദിഭാശാലി, പ്രത്തിഭാശാലി, പ്രതിഭാശാലി, പ്രതിഭാശാല്ലി

**XII.വാക്യത്തിൽ പ്രയോഗിക്കുക.** **2 x2= 4**

1. അഹോരാത്രം

2.പൊടുന്നനെ

**XIII.ശരിയായ ചേർത്തെഴുതിയ രൂപം തെരഞ്ഞെടുത്തെഴുതുക.** **4 x1= 4**

1.ഫലം+ഇല്ലാതെ = (ഫലമ്മിലാതെ, ഫല്ലമില്ലാതെ, ഫലമില്ലാതെ, ഫലമില്ലാത്തെ)

2.ഇതിന്+ആയി = (ഇതിന്നായി, ഇതിനായി, ഇത്തിനായി, ഇതിനായ്യി)

3.പ്രയോജനം+ഇല്ല = (പ്രയൊജനമില്ല, പ്രയോജന്നമില, പ്രയോജനമില്ല, പ്രയ്യോജനമില)

4.കലഹം+എനിക്ക് = (കലഹമ്മെനിക്ക്, കലഹമെനിക്, കലഹമെനിക്ക്, കല്ലഹമെനിക്)

**XIV.പ്രയോഗം മാറ്റുക.** **2 x1= 2**

1. അമ്മ കുഞ്ഞിനെ ചുംബിച്ചു.

2.രഘു രാമനാൽ വിളിക്കപ്പെടും.

**XV.ചേരുംപടി ചേർക്കുക.** **5 x1= 5**

1.രാഷ്ട്രപതി – കുഞ്ചൻ നമ്പ്യാർ

2. തിരുവത്താഴം – എഴുത്തച്ഛൻ

3. തുള്ളൽ – ബാലൻ

4. സത്യസന്ധത – ഡോ.കലാം

5. മഹാഭാരതം കിളിപ്പാട്ട് – ലിയണാർഡോ ഡാവിഞ്ചി

**XVI.ബ്രാക്കറ്റിൽനിന്നും ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **4 x1= 4**

1.എത്ര തപാൽജീവനക്കാരെയാണ് ഡോ. എ.പി.ജെ.അബ്ദുൾകലാം വിരുന്നിനു ക്ഷണിച്ചത്?

(ഇരുപത്, മുപ്പത്, പത്ത്, നാല്പത്)

2.ഡാവിഞ്ചിയുടെ പ്രശസ്തമായ ചിത്രം ഏതാണ്?

(ദാവീദ്, ശകുന്തള, ഹംസവും ദമയന്തിയും, മോണാലിസ)

3."നിനക്കിത്രയും സ്വർണനാണയം എവിടുന്നാടാ" ഇപ്രകാരം ബാലനോട് ചോദിക്കുന്നതാര്?

(കൊള്ളക്കാർ, മാതാവ്, കൊള്ളത്തലവൻ, യാത്രക്കാർ)

**4.**പിറന്നാൾദിനം ചെലവഴിക്കാൻ ഡോ.കലാം ആഗ്രഹിച്ചതെവിടെയാണ്?

(കൊട്ടാരം, ഗ്രാമം, പട്ടണം, വീഥി)

**XVII.ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **4 x1= 4**

**1.** ദിനംതോറും എച്ചിൽ കൊടുത്ത് കാക്കയെ വളർത്തിയത് ആര്?

**2.**എത്രാമത്തെ വയസ്സിലാണ് ഡാവിഞ്ചി ചിത്രകലാഭ്യസനം തുടങ്ങിയത്?

**3.** കാകൻെറയും അരയന്നങ്ങളുടെയും കഥ കർണനോട് പറയുന്നതാര്?

**4.** ആര് കരയുന്നത് കേട്ടാണ് മൂഷികൻ വിരണ്ടത്?

**XVIII.ആശയവിപുലനം ചെയ്യുക.** **1 x5= 5**

**1.**"വിദ്യാധനം സർവധനാൽ പ്രധാനം"

അല്ലെങ്കിൽ (OR)

"ചൊട്ടയിലെ ശീലം ചുടല വരെ"

**XIX. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **5 x1= 5**

കേരളത്തിൻെറ തനതു ദൃശ്യകലാരൂപമാണ് കഥകളി. ഈ കലാരൂപം കേരളീയമാണെങ്കിലും അതിലെ കൈമുദ്രകൾ,രസാഭിനയങ്ങൾ എന്നിവ ഭാരതീയമാണ്. നൃത്ത്യാഭിനയപ്രധാനമാണ് കഥകളി. 'ഹസ്തലക്ഷണദീപിക' എന്ന നാട്യശാസ്ത്രഗ്രന്ഥമാണ് മുദ്രാഭിനയത്തിൽ കഥകളിനടന്മാർക്കവലംബം. അടിസ്ഥാന മുദ്രകൾ ഇരുപത്തിനാല് എണ്ണമുണ്ട്. സാത്വികം,രാജസം,താമസം എന്നീ ത്രിഗുണങ്ങൾ അടിസ്ഥാനമാക്കിയാണ് കഥകളിയിലെ വേഷങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.പച്ച,മിനുക്ക്,കത്തി,താടി,കരി തുടങ്ങിയവയാണ് പ്രധാന വേഷങ്ങൾ. സോപാന സംഗീതരീതിയാണ് കഥകളിയിൽ സ്വീകരിച്ചിരിക്കുന്നത്. ഗീതഗോവിന്ദത്തിൻെറ പാരമ്പര്യമാണ് കഥകളിപ്പാട്ടിനുള്ളത്. സാമൂഹിക വിഷയങ്ങൾ കഥകളിയിലൂടെ അവതരിപ്പിക്കാൻ സാധിച്ചാൽ ഈ കലാരൂപവുമായി ജനങ്ങൾ കൂടുതൽ ഇണങ്ങിച്ചേരും എന്ന കാര്യത്തിൽ സംശയമില്ല.

ചോദ്യങ്ങൾ

**1.**നാട്യശാസ്ത്രഗ്രന്ഥം ഏത്?

**2.**കേരളത്തിൻെറ തനതു ദൃശ്യകലാരൂപം ഏതാണ്?

**3.**എത്ര അടിസ്ഥാന മുദ്രകളാണ് ഉള്ളത്?

**4.**ഏതിൻെറ പാരമ്പര്യമാണ് കഥകളിപ്പാട്ടിനുള്ളത്?

**5.**കഥകളിയിൽ സ്വീകരിച്ചിരിക്കുന്ന സംഗീതരീതിയേതാണ്?

**XX .** ഉത്തരം എഴുതുക. **3 x3=9**

**1.**ഡാവിഞ്ചി സ്വന്തം ഭാവന ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

**2.** വലയിൽ ചാടിയ പൂച്ച അനുഭവിച്ച പ്രയാസങ്ങൾ എന്തെല്ലാം?

**3.** കാകൻെറ അഹങ്കാരത്തിൻെറ ഫലം എന്തായിരുന്നു?

*********************************